**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 791** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | null (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് സംസ്ഥാന ബജറ്റ് വിഹിതം, കേന്ദ്ര വിഹിതം എന്നി ഇനങ്ങളിൽ എത്ര തുകയാണ് ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് സംസ്ഥാന ബജറ്റ് വിഹിതമായ 148739 ലക്ഷം രൂപയും കേന്ദ്രവിഹിതമായി 11227.5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന പദ്ധതികൾക്ക ലഭിച്ച തുകയിൽ നിന്ന് 131337.67 ലക്ഷം രൂപയും കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ നിന്ന് 11215.12 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുത്തി 580.98 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി 54.45 കോടിരൂപയും ഉൾപ്പെടെ ആകെ 635.43 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമായിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതത്തിൽ 554.62 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 40.47 കോടിരൂപയും ഉൾപ്പെടെ ആകെ 595.09 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ ലഭിച്ച തുകയിൽ നിന്ന് എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് സംസ്ഥാന ബജറ്റ് വിഹിതമായ 148739 ലക്ഷം രൂപയും കേന്ദ്രവിഹിതമായി 11227.5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന പദ്ധതികൾക്ക ലഭിച്ച തുകയിൽ നിന്ന് 131337.67 ലക്ഷം രൂപയും കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ നിന്ന് 11215.12 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുത്തി 580.98 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി 54.45 കോടിരൂപയും ഉൾപ്പെടെ ആകെ 635.43 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമായിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതത്തിൽ 554.62 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 40.47 കോടിരൂപയും ഉൾപ്പെടെ ആകെ 595.09 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങളാണ് നിലവിൽ നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പട്ടികജാതി വികസന വകുപ്പ് മുഖേന നൽകുന്ന പ്രധാന വ്യക്തിഗത ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.**

1 ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം ഭവനം, ഭൂമി, കൃഷി ഭൂമി, കിണർ, വൈദ്യുതി, കമ്മ്യൂണിറ്റി പഠനമുറി, ടോയ് ലറ്റ് നിർമ്മാണം, തൊഴിൽ പരിശീലനം, സ്വയംതൊഴിൽ സംരംഭം എന്നിവയ്ക്ക് ആനുകൂല്യം നൽകുന്നു.

2 പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം,

3 മിശ്രവിവാഹ ധനസഹായം,

4 ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം

5 പഠനമുറി

6 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനു ധനസഹായം

7 പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം

8 അതിക്രമം തടയൽ നിയമപ്രകാരം അതിക്രമത്തിനിരയാകുന്നവർക്കും ആശ്രിതർക്കും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകി വരുന്നു.

9 സംസ്ഥാനസ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ പ്രോത്സാഹനമായി നൽകുന്നു.

10 സംസ്ഥാനത്ത് ഹയർസെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 4,000/- രൂപ അനുവദിച്ചു വരുന്നു.

11 ചികിത്സാധനസഹായം

12 ഭവന പൂർത്തീകരണപദ്ധതി പ്രകാരമുള്ള ധനസഹായം

13 സാഹിത്യകൃതികൾ പ്രസിദ്ധികരിക്കുന്നതിനുള്ള ധനസഹായം

14 സംസ്ഥാനസ്കൂൾ കലോത്സവ 'എ' ഗ്രേഡ് ജേതാക്കൾക്ക് പ്രോത്സാഹന ധനസഹായം

15 എസ്.എസ്.എൽ.സി, പ്ലസ്സ് ടു ഫുൾ എ പ്ലസ്സ് വിജയികൾക്ക് സ്വർണ്ണ മെഡൽ, മെഡിക്കൽ/എൻജിനിയറിംഗ് പ്രവേശനപരീക്ഷയിൽ ആദ്യ റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ

16 പ്രൈമറി വിദ്യാഭ്യാസ ധനസഹായം

17 സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

18 ലാപ് ടോപ് വാങ്ങുന്നതിനുള്ള ധനസഹായം

19 വിദ്യാഭ്യാസ പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം

20 വിദേശ വിദ്യാഭ്യാസ ധനസഹായം

21 GOI സ്കോളർഷിപ്പ് (കേരള)

22 GOI സ്കോളർഷിപ്പ് (Outside Kerala)

23 ലംസം ഗ്രാന്റ്

24 പ്രീമെട്രിക് സ്റ്റൈപ്പന്റ്

25 സംഗീത/നൃത്ത വിദ്യാർത്ഥികൾക്കുള്ള Costume and Ornaments ധനസഹായം

26 പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം

27 9, 10 ക്ലാസുകളിലെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്

28 പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം (ഇ-ഗ്രാന്റ്സ് മുഖേന)

29 പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് പോക്കറ്റ്മണി,

30 പി.ഇ.റ്റി.സി.കളിൽ മത്സര പരീക്ഷകൾക്ക് പരിശീലനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റ്

31 കേരള സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നേടുന്നവർക്ക് സ്റ്റൈപ്പന്റ്

32 വിവിധ വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് കാഷ് അവാർഡ് നൽകി വരുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി.

33 4,7 ക്ലാസുകളിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസുവരെ 4500 രൂപാ വീതം സ്കോളർഷിപ്പായി നൽകിവരുന്ന അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി.

34 പ്ലസ്സ് ടു വിനോടൊപ്പം എൻട്രൻസ് കോച്ചിംഗ് നടത്തുന്നതിന് ധനസഹായം

35 പ്ലസ് ടുവിന് ശേഷം എൻട്രൻസ് കോച്ചിംഗ് നടത്തുന്നതിന് ധനസഹായം

36 ആരോഗ്യഹാനിയുണ്ടാക്കുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി.

37 വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള ബുക്ക് ബാങ്ക് പദ്ധതി.

38 വകുപ്പിന് കീഴിലുള്ള നഴ്സറി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഫീഡിംഗ്, യൂണിഫോമും പഠന സാമഗ്രികളും ലംപ്സം ഗ്രാൻറും നൽകിവരുന്നു.

39 അഭിഭാഷകരായി എൻട്രോൾ ചെയ്യുന്നവർക്കുള്ള ധനസഹായം

പട്ടികവർഗ വികസന വകുപ്പ് വഴി നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## വിദ്യാഭ്യാസം

1 പ്രീമെട്രിക് സ്കോളർഷിപ്പ്

2 പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3 അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ഡവലപ്മെന്റ് പദ്ധതി

4 ട്യൂട്ടോറിയൽ ഗ്രാന്റ്

5 സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

6 രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്.

7 ലാപ്ടോപ്പ്

8 വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ്

9 10 ക്ലാസ്സ്, +2 തുല്യത പരീക്ഷ വിജയിക്കുന്നവർക്കുള്ള പ്രോത്സാഹന സമ്മാനം

## ആരോഗ്യം

1 സമഗ്ര ആരോഗ്യ സുരക്ഷ

2 സിക്കിൾ സെൽ അനീമിയ ബാധിതർക്കുള്ള ധനസഹായം

3 ജനനീ ജന്മരക്ഷ

4 ചികിത്സ ധനസഹായം

5 അനാഥർക്കുള്ള ധനസഹായം (കൈത്താങ്ങ് പദ്ധതി)

## സാമൂഹികം/സാമ്പത്തികം

1 പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

2 അതിക്രമങ്ങൾ നേരിട്ടവർക്കുള്ള ധനസഹായം

3 പുനരധിവസിക്കപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായം

4 ഭവന നവീകരണത്തിനുള്ള ധനസഹായം

5 ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ

6 വിവിധ ജീവനോപാധി പ്രവർത്തനങ്ങൾക്കുള്ള ധനസഹായം

7 ഭക്ഷ്യസഹായ പദ്ധതി

സെക്ഷൻ ഓഫീസർ